**No. CEE/2244/B.Pharm(LE)/2019/TA4**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## വിജ്ഞാപനം

## ബി.ഫാം (LE) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2019–20 ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

**2019 ഒക്ടോബർ 05 ശനിയാഴ്ച** എറണാകുളത്ത് വച്ച് നടത്തിയ **2019–20** ലെ **ബി.ഫാം (LE)** കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഉത്തരസൂചിക സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും **300 രൂപ** ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം **11.10.2019 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, e-mail, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിന് വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

തിരുവനന്തപുരം
05.10.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**